# GOVT. UPS
# ULLOOR

# ACADEMIC MASTER PLAN

## 2025-2026

# PROFILE

Name of School : GUPS ULLOOR

Name of revenue village : Cheruvaikkal

Name of Cluster : Pongumoodu

Name of Corporation : Thiruvananthapuram

Name of block : Thiruvananthapuram North

Name of district : Thiruvananthapuram

Name of HM : Priya John

Phone number : 9539238810

# ജി.യു.പി.എസ്. ഉള്ളൂർ.

ചരിത്രം

തലസ്ഥാനനഗരിയുടെ സിരാകേന്ദ്രമായ മെഡിക്കൽ കോളേജിന് അടുത്തായി ഉള്ളൂർ പ്രദേശത്ത് 1957-ൽ സ്ഥാപിതമായ വിദ്യാഭ്യാസസ്ഥാപനമാണ് ഇപ്പോഴത്തെ ഉള്ളൂർ സ്കൂൾ. 1924-ൽ ഉള്ളൂർ സി.എം. സ്മാരക എൽ.പി. സ്കൂൾ ആയിട്ടാണ് ഇത് ആരംഭിച്ചത്. ആദ്യത്തെ വിദ്യാർത്ഥിനി അമ്മുക്കുട്ടിയമ്മ ആയിരുന്നു. 1957-ൽ സർക്കാർ ഏറ്റെടുത്തു ഇത് ഉള്ളൂർ യു.പി.എസ് ആക്കി മാറ്റി. പി.ടി.എ യുടെയും അധ്യാപകരുടെയും നിരന്തര അഭ്യർത്ഥനമാനിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി ഒരു കോടിയുടെ കെട്ടിടം നിർമ്മിച്ചു. എട്ടു ക്ലാസ് റൂമുകളും ഓഫീസ് റൂമും കമ്പ്യൂട്ടർ ലാബും ആണ് ഈ കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്.

ലൈബ്രറി, സയൻസ്, സോഷ്യൽ, ഗണിതലാബുകളുടെയും അഭാവം ഉള്ളതിനാൽ പഴയ കെട്ടിടം നീക്കം ചെയ്ത് പുതിയത് നിർമ്മിക്കുന്നതിനുള്ള പ്ലാൻ തിരുവനന്തപുരം കോർപ്പറേഷനിലും A.E.O യിലും സമർപ്പിച്ചിട്ടുണ്ട്. പഴയ കെട്ടിടം മാറ്റുമ്പോൾ അവിടെ അടുക്കള നിർമ്മിക്കാൻ തീരുമാനിച്ചു.

## സാമൂഹികം

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഈ സ്കൂളിൽ ഉള്ളത്. ഒരു കാലഘട്ടത്തിൽ ഒരുപാട് കുട്ടികൾ ഉണ്ടായിരുന്ന പള്ളിക്കൂടം ആയിരുന്നു ഇത്. എന്നാൽ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത സ്കൂളിനെ വല്ലാതെ ബാധിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളാണ് ഇവിടെയുള്ള കുട്ടികളിൽ ഏറെപ്പേരും. പി.ടി.എ യും മറ്റു സാംസ്കാരിക സംഘടനകളുടെയും ആഭിമുഖ്യത്തിൽ പഠനോപകരണ വിതരണം നടന്നു വരുന്നു. ഡി.വൈ.എഫ്.ഐ പ്രവർത്തകർ സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി ശുചീകരണ പ്രവർത്തനങ്ങൾക്ക് സഹായിക്കുകയും കുട്ടികൾക്ക് ബാഗും മറ്റ് പഠനോപകരണങ്ങളും വിതരണം ചെയ്യുകയും ചെയ്യുന്നു. ഗോപിനാഥ് സ്കാനിംഗ് സെന്റർ, മുത്തൂറ്റ് ബാങ്ക് കാനറാ ബാങ്ക്, ഗുരുവായൂരപ്പൻ അസോസിയേറ്റ്സ്, മെട്രോ സ്കാൻ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ തുടങ്ങിയവരുടെ സഹകരണങ്ങൾ ഉണ്ടാകാറുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ട- സഹായം ലഭിച്ചുവരുന്നു.

വിപുലമായ കളിസ്ഥലവും ജൈവവൈവിധ്യ പാർക്കും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു സൗകര്യങ്ങൾ വർധിക്കുമ്പോൾ കുട്ടികളുടെ എണ്ണത്തിലും വർധനവ് ഉണ്ടാകും എന്ന പ്രതീക്ഷയിലാണ് അധ്യാപകരും പി.ടി.എയും.

നഗരമധ്യത്തിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം സാമ്പത്തിക ഭദ്രതയുള്ള ഒരു മേഖലയാണ്. എന്നാൽ മെഡിക്കൽ കോളേജ് പരിസരത്തുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത് പ്രത്യേക പരിഗണന അർഹിക്കുന്ന നിരവധി കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നു. അവർക്ക് എല്ലാ അധ്യാപകരുടെയും പൂർണ പിന്തുണ ലഭിക്കുന്നതിനോടൊപ്പം B.R.C. യിൽ നിന്ന് റിസോഴ്സ് ടീച്ചറിന്റെയും സഹായം ലഭ്യമാകുന്നുണ്ട്.

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലുമുള്ള അറിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
* ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
* മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
* പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
* ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
വിദ്യാലയത്തിന്റെ

* മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ക്യാമ്പുകൾ സജ്ജമാക്കുക.
* ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക; അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
* ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

# ACADEMIC MASTER PLAN

GOVT: U P SCHOOL

ULLOOR

CLASS : 1 . A

2025-2026

# ENGLISH

Prepared By : Sunitha . M

Sub. District : Thiruvananthapuram North

# Introduction

The goal is for the first grader to handle English fluently. The first grader must go from small word to big word. Must be able to read, write and speak. English with it. No child should be able to speak English fluently like malayalam. We have to keep our world language English, close to your hearts.

The Academic master plan is designed to ensure that not a sigle child goes illiterate

Aim - Objectives

Learning outcomes.

* Simple words, Simple sentence, add more lines, descriptions make sure these are in the children
* Responds to simple instructions in the classroom.

  Eg: May I come in Teacher
* Describes orally about pictures and objects using adjectives. (colour, size, shape etc)
* Familiarise the names of birds, animals their young ones and identifies them from pictures
* To speak, read and write English without any mistake

## Aim

Simple words, simple sentence to speak read and write make sure these are in the children.

## Pre Test.

* To ~~listen,~~ develop listening skills and reading skills. At first listening skills.
* Familiarise with words like Ant, Apple, Bat Bag etc and identifies the words.

## Action plan - Activities

### June.

* Simple words introducing
* Provides picture cards
* Familiarise a magic picture card [Apple, Ant, Umbrella.]

### July.

* Says the familiar words
* writing familiar words.
* Reading familiar words.

August.

* Enjoy songs and sings them with rhythm and action.
* Describes orally about pictures and objects using adjectives (colour, shape, size)

September.

* Reads and write simple words and simple Sentences.

  Eg: Apple, an apple, red apple.
* Provides reading cards and picture cards.

October.

* Introduce a simple picture description
* Word Chain, sentence chains to make words.
* Sentences make riddles
* Describing words, rhyming words etc text book activities.
* My growing book is being prepared.

November.

* My small description book is being prepared
* Preparing the reading cards.
* The classroom provides more opportunities

to read, write and speak english.

* write 5 English words daily
* Prepared and displayed by "My english world"

December.

* My picture Dictionary is being prepared.
* My growing book is being prepared.
* Simple instructions in the classroom.
* Encourages digital reading in the classroom everyday.

January.

* Enjoys songs and sings them with rhythm and action.
* "My amazing book" is being prepared.
* collect pictures of Animals and birds.
* collect the pictures of Animals and their young ones.
* Spoken English class is provided.

February.

* Provides the opportunity to express "Myself" in the classroom, in the assembly and in the CPTA.

* English provides an opportunity to speak fluently and without fear.
* A period of daily spoken english class provides an opportunity
* Provides opportunities for english assembly one day a week.

March.

* English speaks fluently
* Can read and write simple sentence.
* Picture reading, picture describing can tell you how to read and write
* My growing book, My picture dictionary reading cards, My magic book, My amazing book.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## ഗവ: യു.പി. സ്കൂൾ

## ഉള്ളൂർ

## ക്ലാസ് . 1 A

## 2025-2026

## മലയാളം

തയ്യാറാക്കിയത് : സുറീന. പി.എം

[illegible] : തിരുവനന്തപുരം [illegible]

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികാസമാണ് രക്ഷിതാവും അധ്യാപകരും ലക്ഷ്യം വക്കുന്നത്. അതിനായി ഓരോ കുട്ടിയുടെയും പഠനനിലവാരം ഉയർത്തേണ്ടതായുണ്ട്. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം തന്നെ കുട്ടികളുടെ ശാരീരികമായ മാറ്റങ്ങൾ, മാനസികവും വൈകാരികവുമായ നേട്ടങ്ങൾ എന്നിവ കൈവരിക്കാനുതകുന്ന ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്.

ലക്ഷ്യങ്ങൾ:

* ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുവാനുള്ള കഴിവ് നേടി-എന്ന് ഉറപ്പുവരുത്തുക.
* കുട്ടിയുടെ ശാരീരികവും മാനസികവും ആയ വികാസവും ക്ഷമതയും ഉറപ്പുവരുത്തുക.
* ലളിതമായ വായനക്കാർഡുകൾ നിർമിക്കുന്നു വായിക്കുന്നു.
* ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ വാക്യങ്ങൾ എന്നിവ വായിക്കുന്നു (ഗ്രാഫിക് വായന)
* ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുവാക്യങ്ങൾ എഴുതുന്നു, വായിക്കുന്നു.
* പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തി എടുക്കുന്നു.

## പ്രവർത്തന പദ്ധതി

### ലക്ഷ്യം

ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും സ്വന്തമായി എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക.

### ജൂൺ.

* കളികളിലൂടെ ചിത്രവായന
* വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുക.
* നിറങ്ങൾ നൽകാൻ അവസരമൊരുക്കൽ
* ചിത്രകാർഡുകൾ വായന - നിർമാണം ചിത്രശാല
* വായന സാമഗ്രികൾ തയ്യാറാക്കൽ.

### ജൂലൈ

* അക്ഷരപ്പാട്ടുകൾ പാടി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ.
* ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.
* ക്ലാസ് ലൈബ്രറി ഒരുക്കൽ
* വായനമൂല ഒരുക്കൽ

### ആഗസ്റ്റ്.

* ചിത്രവായനാ കാർഡുകൾ തയ്യാറാക്കൽ
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ പദങ്ങൾ ഉറപ്പിക്കൽ.
* അക്ഷരപ്പാട്ടുകളിലൂടെ ചെറുചോദ്യങ്ങൾ ചോദിക്കുന്നു.

* ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തി വട്ടം വരക്കുന്നു.
* സ്കൂൾ ലൈബ്രറി നവീകരിക്കൽ, പ്രദർശനം.

സെപ്റ്റംബർ.

* ചിഹ്നങ്ങൾ ഉറപ്പിക്കാൻ വേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.
* ലളിതമായ വായനാകാർഡുകൾ, സഹായത്തോടെ നിർമിക്കുന്നു വായിക്കുന്നു.

ഒക്ടോബർ

* ചിത്രവായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു വായിക്കുന്നു.
* വായനോത്സവം സംഘടിപ്പിക്കൽ.
* ആസ്വാദനകരമായ വായന നടത്തൽ.
* എന്റെ വായനാസമ്മാനം - പിറന്നാളിന് പുസ്തകം ലൈബ്രറിയിൽ നൽകൽ

നവംബർ.

* വരികൾ കൂട്ടിച്ചേർക്കൽ
* മാതൃകകൾ നൽകി വരികൾ കൂട്ടിച്ചേർക്കൽ
* പത്രവായനക്ക് അവസരം ഒരുക്കൽ.

ഡിസംബർ.

* ചെറുവിവരണങ്ങൾ കൂട്ടി സ്വന്തമായി തയ്യാറാക്കുന്നു

ഉദാ:- ആന
വലിയ ആന
കറുത്ത ആന.

* മാഗസിൻ നിർമാണം.

ജനുവരി

* ചിത്രകഥ
* ചെറുകഥ കേൾക്കുന്നു.
* ചിത്രം നോക്കി പറയുന്നു.
* ചിത്രങ്ങൾ നോക്കി എഴുതാൻ ശ്രമിക്കുന്നു.

ഫെബ്രുവരി

* കൂട്ടുവായന - കുട്ടിക്കൂട്ടങ്ങൾ ചെറിയ വായനാക്കാർഡുകൾ, ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്രവായന നടത്തുന്നു.
* ഇ- വായന സാധ്യത കണ്ടെത്തൽ ICT സാധ്യതകൾ ഉറപ്പാക്കൽ.

മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ എന്നിങ്ങനെ ഉള്ളവയുടെ പ്രകാശനം.
* നാട്ടുവായന- കുട്ടികൾ നിർമിച്ച വായനാതന്ത്രങ്ങൾ അവതരിപ്പിക്കുന്നവ നവമാധ്യമങ്ങളിൽ പങ്കിടുന്നു.
* അമ്മവായന - അമ്മയും കുട്ടിയും [ അമ്മ വായിച്ചു നൽകുന്ന വായനാസാമഗ്രികൾ നവമാധ്യമങ്ങളിൽ പങ്കിടുന്നു.
* വീട്ടുവായന - വീട്ടിലെ അംഗങ്ങൾ വായിച്ചുനൽകുന്ന വീഡിയോ നവമാധ്യമങ്ങളിൽ പങ്കിടുന്നു.
* വീട്ടുവായന, കൂട്ടുവായന, അമ്മ വായന, നാട്ടുവായന ചിത്രവായന, സ്വന്തവായന, തന്ത്രവായന എന്നിങ്ങനെ

ഉള്ള വായനകളെ പ്രോത്സാഹിപ്പിക്കുന്നു.

* സ്വന്തമായി എഴുതിയും വായിച്ചും വിദ്യാലയത്ത് ഉറപ്പിക്കുന്നു.
* "എന്റെ വളരുന്ന പുസ്തകം" തയ്യാറാക്കൽ
* "എന്റെ അക്ഷര പുസ്തകം" തയ്യാറാക്കൽ
* പതിപ്പുകൾ തയ്യാറാക്കുന്നു.
* "എന്റെ പാട്ടു പുസ്തകം" തയ്യാറാക്കുന്നു.
* വായനാക്കാർഡുകൾ നിർമിക്കുന്നു.
* ചെറുകഥകൾ രൂപപ്പെടുത്തുന്നു.
* പല തരത്തിലുള്ള കൈയെഴുത്തു മാസികകൾ രൂപപ്പെടുത്തി നവമാധ്യമങ്ങളിലും പി.ടി.എ മീറ്റിംഗിലും പ്രദർശനത്തിന് അവസരം ഒരുക്കുന്നു.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

ഗവ: യു. പി. സ്കൂൾ

ഉള്ളൂർ

ക്ലാസ് - 1 A

2025 - 2026

# ഗണിതം

തയ്യാറാക്കിയത് : സുനിത. എം


സബ്ജില്ല : തിരുവനന്തപുരം നോർത്ത്

ആമുഖം.

ഒന്നാം ക്ലാസിൽ നിന്ന് തന്നെ കുട്ടി ഗണിത പ്രവർത്തനങ്ങൾ നേടിയെടുക്കേണ്ടതായിട്ടുണ്ട്. ഗണിത പ്രവർത്തനങ്ങൾ നിത്യജീവിതത്തിൽ ഒഴിവാക്കാനാകാത്ത ഒന്നാണല്ലോ. ഭാഷയിലും ശാസ്ത്രത്തിലും ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളിപ്പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ജീവിതത്തിൽ ഓരോ വ്യക്തിക്കും ഒഴിച്ചു കൂടാനാവാത്ത അത്യന്താപേക്ഷിതമായ ഒന്നാണ് ഗണിത പ്രവർത്തനങ്ങൾ. ഗണിതം ഇല്ലാതെ ജീവിതത്തിൽ ഒരു ഒന്നുമില്ല. എന്നു തന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളിയിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ :-

* 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
* 5 വരെയുള്ള എണ്ണത്തിൽ പകുതി, തുല്യം കൂടുതൽ , കുറവ് എന്നിവയെ വിശദീകരിക്കുന്നു.
* Five frame-ൽ ഗണിത ക്രിയകൾ ചിത്രീകരിക്കുന്നു.
* പകുതിയാക്കാൻ പറ്റുന്നവയും അല്ലാത്തവയും ആയ സംഖ്യകളെ വസ്തുക്കൾ ഉപയോഗിച്ച് കണ്ടെത്തി വിശദീകരിക്കുന്നു. ( 2/4 , 3/5 )
* ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതത്തിന് തയ്യാറാക്കുന്നു.
* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* 9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തുന്നു.
* ഒറ്റസംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.
* ആരോഹണ - അവരോഹണ ക്രമത്തിലാക്കൽ.
* രണ്ട് ഒറ്റസംഖ്യകളുടെ സങ്കലനം
* രണ്ട് ഒറ്റസംഖ്യകളുടെ വ്യവകലനം
* ഒറ്റ സംഖ്യാഖ്യാനം.




* ഒരക്കസംഖ്യാ പാറ്റേൺ രൂപീകരിക്കൽ.
* ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക.

ജൂൺ - ജൂലൈ.

* ഒന്ന് മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്ന പ്രവൃത്തനങ്ങൾ
* പകുതി ആക്കാൻ പറ്റുന്നവയും അല്ലാത്തവയും ആയ സംഖ്യകളെ തിരിച്ചറിയുന്നു.
* നമ്പർ - കാർഡുകൾ ഉപയോഗിച്ച് സംഖ്യകൾ തിരിച്ചറിയുന്നു.
* ചിത്രകാർഡിലെ എണ്ണം ആഖ്യാനം ചെയ്യുന്നു. (1 - 5)

ആഗസ്റ്റ്

* 1- 20 സംഖ്യകൾ തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ.
* വലിയ സംഖ്യകൾ, ചെറിയ സംഖ്യ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

## സെപ്തംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ (8-5 = 3)
* ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്, സംഖ്യാഗാനം അവതരിപ്പിക്കുന്നു. (1+1=2 ....2+1=3 ... 3+1=4 ... etc).

## ഒക്ടോബർ.

* ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയുന്നു.
* ഒന്നിടവിട്ട സംഖ്യകൾ. ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവുണ്ടാകുന്നു.

1 2 3 4 5 6 7 8 9 10

* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ.

## നവംബർ.

* സംഖ്യ ഗാനങ്ങൾ പാടുന്നു.
* ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യമാക്കാൻ വർക്ക്ഷീറ്റുകൾ നൽകൽ.
* ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

10+1 = 11
10+2 = 12
10+3 = 13
10+4 = 14
10+5 = 15.

## ഡിസംബർ


* സംഖ്യകൾ ആരോഹണ - അവരോഹണ ക്രമത്തിലെഴുതൽ.
* ഗണിത ആൽബം തയ്യാറാക്കൽ
* "MY NUMBER BOOK" തയ്യാറാക്കൽ
* സംഖ്യാചിത്രങ്ങൾ നിർമ്മാണം.

## ജനുവരി

* ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ.

10 - 1 = 9
10 - 2 = 8
10 - 3 = 7
10 - 4 = 6

* സങ്കലനം (+) വ്യവകലനം (−) ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു.
* സംഖ്യാവ്യാനത്തിലേക്ക് കടക്കുന്നു. (1-10)



## ഫെബ്രുവരി.

* മഞ്ചാടി സഞ്ചി, സംഖ്യാസൂര്യൻ ആൽബം തയ്യാറാക്കുന്നു. CPTA -ൽ പ്രദർശിപ്പിക്കൽ.
* സംഖ്യാഗാന ആൽബം തയ്യാറാക്കുന്നു.
* വിലവിവരപ്പട്ടിക - പ്രശ്ന വിശകലനം
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ.

## മാർച്ച്

* ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധതരം വർക്ക് ഷീറ്റുകൾ നൽകുക.
* ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ
* വസ്തുക്കൾ ഉപയോഗിച്ച് ഗണിതകേളികളിൽ ഏർപ്പെടൽ.
* ICT സാധ്യതയിൽ ഉല്ലാസഗണിതപ്രവർത്തനങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ.
* ഗണിതകിറ്റ് പ്രവർത്തനങ്ങൾ.
* സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതകിറ്റിലൂടെ സാധ്യമാക്കൽ.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

ഗവ: യു. പി. സ്കൂൾ

ഉള്ളൂർ

ക്ലാസ് : 1 A

2025 - 2026

## പരിസരപഠനം

തയ്യാറാക്കിയത് : സുനിത. എം

സബ്ജില്ല : തിരുവനന്തപുരം നോർത്ത്

## ആമുഖം.

ഒന്നാം ക്ലാസിൽ നിന്നു തന്നെ ശാസ്ത്ര പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്നത് ഉത്തമമായ കാര്യമാണ് ശാസ്ത്രീയമായ അറിവുകൾ കുട്ടികളിൽ ഉണർത്തിയെടുക്കേണ്ടത് ഉദാത്തമായ കാര്യമാണ്. ശാസ്ത്രീയ തലത്തിലൂടെ കുട്ടി, കടന്നുപോകുമ്പോൾ പരിസരവുമായി ഇണങ്ങിച്ചേരുവാനും സാധിക്കുന്നു. പരിസരവുമായി ഇഴുകിച്ചേർന്ന് പഠിക്കുന്നതും ജീവിക്കുന്നതും നല്ലൊരു മനോഭാവമാണ്. ചെറിയ തലത്തിൽ നിന്ന് തന്നെ കുട്ടി ശാസ്ത്രീയ വശങ്ങൾ മനസിലാക്കി പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നിഗമനങ്ങളും കണ്ടെത്തലുകളും നടത്തി ശാസ്ത്രബോധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ്.

പ്രവർത്തനലക്ഷ്യങ്ങൾ.

* പക്ഷികളുടെ വാസസ്ഥലങ്ങൾ പലതാണെന്ന് കണ്ടെത്തുന്നു.
* വെള്ളത്തിലും കരയിലും ജീവിക്കുന്ന പക്ഷികളെ തരം തിരിക്കുന്നു.
* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
* വിവിധതരം സസ്യങ്ങൾ (വലുത്, ചെറുത്, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ സസ്യഭാഗങ്ങൾ കണ്ടെത്തി ചിത്രീകരിക്കുന്നു.
* മഴക്കാലത്ത് ചുറ്റുപാടുമുണ്ടാകുന്ന മാറ്റങ്ങൾ തന്റേതായ രീതിയിൽ അവതരിപ്പിക്കുന്നു.
* പതിപ്പുകൾ തയ്യാറാക്കുന്നു.
* പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ കണ്ടെത്തി പട്ടികയാക്കുന്നു. (നിറം, ഇതളുകൾ, വലുത്, ചെറുത്)
* നിറം രുചി മണം വലിപ്പം ആകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* സസ്യങ്ങൾ, പൂക്കൾ, പക്ഷികൾ, പഴങ്ങൾ എന്നിവയുടെ പേര് മനസിലാക്കുന്നു.
* ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

ജൂൺ

* പ്രകൃതിനടത്തം
* പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം.
ഉദാഹരണം (വൃക്ഷത്തൈ നടീൽ, അടുക്കളത്തോട്ട നിർമാണം)
* ചുറ്റുപാടുമുള്ള പക്ഷികളെ തിരിച്ചറിയൽ

ജൂലൈ

* പരിസരത്തുള്ള ചെടികൾ, മരങ്ങൾ എന്നിവ നിരീക്ഷിക്കൽ, തിരിച്ചറിയൽ
* തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്തൽ
* പ്രകൃതി നടത്തം - സസ്യങ്ങളെ നിരീക്ഷിക്കുന്നു. പേരുകൾ കണ്ടെത്തുന്നു. പറയുന്നു. സഹായത്തോടെ എഴുതുന്നു.
* സ്കൂൾ പൂന്തോട്ടനിർമാണം.

ആഗസ്റ്റ്

* പക്ഷികളുടെയും ചെടികളുടെയും ഫോട്ടോ ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു.
* തിരിച്ചറിഞ്ഞ ചെടികൾ നിരീക്ഷിച്ച് പ്രത്യേകതകൾ പറയുന്നു.

ഉദാ:- ചെമ്പരത്തി.

പല തരം ചെമ്പരത്തി ഉണ്ട്.

* മണമില്ലാത്ത പൂവാണ്
* പൂക്കൾ മരുന്നായി ഉപയോഗിക്കുന്നു.
* കുറച്ച് ഇതളുകൾ ഉള്ള ചെമ്പരത്തിയുമുണ്ട്.

സെപ്റ്റംബർ

* സസ്യങ്ങൾ നിരീക്ഷിച്ച് ആഹാരയോഗ്യമായതും ഭംഗിക്ക് ഉപയോഗിക്കുന്നതും കണ്ടെത്തുന്നു.
* മരങ്ങൾ, പക്ഷികൾ, ചെടികൾ എന്നിവയുടെ വ്യത്യാസം തിരിച്ചറിയുന്നു.
* മണമുള്ള പൂക്കളെയും മണമില്ലാത്ത പൂക്കളെയും തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു
* തൂവൽ ആൽബം നിർമിക്കുന്നു.

ഒക്ടോബർ.

* ചെടികളുടെ വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ ഭാഗങ്ങൾ ചിത്രീകരിക്കുന്നു.
* ചെടികൾ പലതരം ആണെന്ന് മനസിലാക്കുന്നു.

നവംബർ.

* നിറത്തിന്റെ അടിസ്ഥാനത്തിൽ പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയുന്നു.
* രക്ഷിതാവിന്റെ സഹായത്തോടെ വീട്ടിൽ അടുക്കളത്തോട്ടം നിർമിക്കുന്നു.
* ചെടികൾ എങ്ങനെയൊക്കെ ഉണ്ടാകുന്നു

എന്ന് തിരിച്ചറിയുന്നു.

ഡിസംബർ.

* ചെറിയ പൂക്കൾ / വലിയ പൂക്കൾ / കൂട്ടമായത് / കുലയായത് / മണമുള്ളത് / മണമില്ലാത്തത് / ഔഷധഗുണമുള്ളത്, ഇതളുകളുടെ എണ്ണം, രാത്രിയിൽ വിരിയുന്ന പൂക്കൾ എന്നിവ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

ജനുവരി.

* ഔഷധത്തോട്ട നിർമ്മാണം
* പൂക്കളുടെ ശേഖരണപുസ്തകം തയ്യാറാക്കൽ

ഫെബ്രുവരി.

* "എന്റെ പൂക്കൾ" ആൽബം തയ്യാറാക്കൽ
* "എന്റെ തൂവൽ" ആൽബം തയ്യാറാക്കൽ.
* ലഘു പരീക്ഷണങ്ങൾ
* CPTA -ൽ ആൽബം പ്രദർശിപ്പിക്കൽ.

മാർച്ച്.

* "എന്റെ പരിസരപഠന പുസ്തകം" പ്രദർശനം.
* പരിസ്ഥിതിദിന ഗാനങ്ങൾ ആലപിക്കൽ.
* ICT മുഖേന ചെടികൾ, പക്ഷികൾ,

പൂക്കൾ എന്നിവ കാണാൻ അവസരം ഒരുക്കൽ.

എന്റെ പരിസരപഠനപുസ്തകത്തിൽ ഉൾപ്പെടുത്താവുന്നവ :-

* പക്ഷികളുടെ പേരുകൾ
* ചെടികളുടെ പേരുകൾ
* പൂക്കളുടെ പേരുകൾ.
* പക്ഷികളെ തരംതിരിച്ച് പട്ടികപ്പെടുത്തൽ:-
  ⓐ കരയിലും വെള്ളത്തിലും ജീവിക്കുന്നവ
  ⓑ പറക്കുന്നവയും പറക്കാത്തവയും.
* പൂക്കളെ തരംതിരിച്ച് പട്ടികപ്പെടുത്തൽ. നിറത്തിന്റെ അടിസ്ഥാനത്തിൽ.
* ചെടിയുടെ ചിത്രം വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തൽ.
* പൂക്കൾ വരച്ച് നിറം നൽകൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

STD : II

2025- 2026.

# ആമുഖം

ഗവ. യു. പി. എസ് ഉള്ളൂർ സ്കൂളിൽ 2025-26 അധ്യയനവർഷം 5 കുട്ടികൾ II A ഡിവിഷനിൽ പഠിക്കുന്നു. രണ്ടാം ക്ലാസിലേക്ക് വന്ന എല്ലാ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി നമ്മുടെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർപ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ എല്ലാ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ എഴുതുന്നതിനും കഴിവ് നേടുന്നു.

മെഡിക്കൽ കോളേജ് പരിസരത്തുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. അധ്യാപകർ പൂർണ്ണ പിന്തുണ നൽകുന്നതിനോടൊപ്പം B.R.C-ൽ നിന്ന് റിസോഴ്സ് അധ്യാപകരുടെയും സഹായം ലഭ്യമാകുന്നുണ്ട്.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഉചിതമായ വ്യവഹാരരൂപങ്ങളിലൂടെ ലേഖന മികവ് | ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു. കുഞ്ഞു ചിത്രകഥ സ്വയം നിർമ്മിക്കുവാൻ പ്രാപ്തി നേടുന്നു. | ജൂലായ് - ഡിസംബർ | SRG CPTA | |
| താളം, ഭാവം, ഈണം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു. | പത്രത്തിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ. | ജൂൺ - | T.r, SRG | |
| രചനോത്സവം | • ആശയം ഉൾക്കൊണ്ട് കഥകൾ അവതരണം<br>രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു (each term)<br>• കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക പ്രകാശനം. | നവംബർ - മാർച്ച്<br>മാർച്ച് | Tr, PT.A HM. | PTA SSK. |
| സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ എഴുതാനും പറയാനുമുള്ള ശേഷി. | • CPTA-ൽ ഡയറിയെഴുത്തിന്റെ അവലോകനം<br>• കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കുവാൻ സഹായിക്കുന്നു. | ജൂൺ | Tr രക്ഷിതാക്കൾ | SSK. |

| | | | | |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. വായനക്കാരാകുന്നു. | ലഘുവിവരണങ്ങൾ, കഥകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കുക.<br>•മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സദസ്സിൽ അവതരിപ്പിക്കുന്നു. | ആഗസ്റ്റ് | ടീച്ചർ CPTA | SSK PTA. |
| സർഗാത്മകതയെ തട്ടിയുണർത്താം. | രചനാശില്പശാല, കഥ, കവിത, രചനകൾ എന്നിവയ്ക്കുള്ള വേദിയൊരുക്കൽ<br>അഭിനയിക്കാം (നിർദ്ദിഷ്ട ഭാഗങ്ങൾ അഭിനയിച്ചു കാണിക്കുന്നു). | ഡിസം- ജനുവരി. | Tr, കുട്ടികൾ | SRG SMC |
| വായനയെ പരിപോഷിപ്പിക്കൽ. | സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കൽ, പ്രദർശനം നടത്തൽ. | ജൂലൈ. | Tr PTA, SMC, SRG | SSK. |
| | വായിച്ച കഥയെ ചിത്രരൂപത്തിലാക്കുക.<br>വായനാക്കാർഡ് തയ്യാറാക്കൽ.<br>പതിപ്പ് തയ്യാറാക്കൽ (ആസ്വാദന കുറിപ്പ്). | ജൂലൈ | Tr SRG | SSK. |

ENGLISH

| Aim | Activities | Time | Head. | Fund. |
|---|---|---|---|---|
| To speak, Read and write English without any mistakes. | Pre test<br>Self introduction.<br>Speech, book review, quiz, riddles. | June-March. | Tr. | |
| | | Once in a month | SRG Tr. | SSA |
| To develop listening and learning skills. | English assembly.<br>let's talk<br>Reader's theatre.<br>Games' Action songs, use I.C.T. | August | | |
| | News paper reading, bookreading<br>book review<br>.rhyming words.<br>Text book activities, making class Library. | July. | Tr.<br>Parents<br>SRG. | SSK. |

| | | | | |
|---|---|---|---|---|
| To develoup Writing skills. | ·Make word web.<br>·word chain, sentence chain<br>·Make riddles, conversations<br>·Add more lines<br>·Make words and sentences<br>·Magazines. | August-March. | HM<br>Teachers.<br>Parents. | SSK. |
| To develoup Speaking skills. | .picture reading<br>· Identify the naming words from the picture<br>· self introduction, Assembly.<br>·Readers theatre | July-March. | Teachers<br>parents | SSK<br>PTA. |
| To improve the presentation power | . library book reading.<br>· develoup stories.<br>·Make magazines. | January-March. | Teachers<br>Parents | SSK. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| •100 വരെയുള്ള സംഖ്യാബോധം. സംഖ്യകളെ വ്യാഖ്യാനിക്കൽ, സങ്കലനം, വ്യവകലനം, ഗുണനം, [illegible] എന്നിവ [illegible] ഉറപ്പാക്കൽ | •മുന്നൊരുക്കം, ഗണിതാശയങ്ങളിൽ കുട്ടികൾ ശേഖരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.<br>, വിവിധ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ<br>, ജ്യാമിതീയ രൂപങ്ങൾ ചേർത്ത് വിവിധതരം രൂപങ്ങൾ നിർമ്മാണം.<br>•പാറ്റേണുകൾ രൂപീകരിക്കൽ.<br>• എണ്ണൽസംഖ്യകൾ 100 വരെ ക്രമത്തിൽ എഴുതുന്നു.<br>•പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം. | ജൂൺ<br>ജൂൺ<br>ജൂലൈ | ടീച്ചർ<br>Parents, Teachers | SSK |
| •സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാനുള്ള ശേഷി | •വലിയസംഖ്യ, ചെറിയസംഖ്യ കണ്ടെത്തുന്നു.<br>•സംഖ്യകൾ അക്ഷരത്തിൽ എഴുതുന്നു. | ആഗസ്റ്റ് | | |
| •ഗണിത ചിന്താശേഷി വളർത്തൽ | •ഒരു ദിനം ഒരു ചോദ്യം. ക്വിസ്സുകളിലൂടെയും ഗണിതപസിലുകളിലൂടെയും പരിചയപ്പെടൽ. | [illegible] | SRG Teachers | SMC |

| | | | | | |
|---|---|---|---|---|---|
| ഗണിതാശയങ്ങൾ പ്രായോഗികതയിലൂടെ ഉറപ്പിക്കൽ | •വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>•രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br>സ്ഥാനവില തിരിച്ചറിയൽ | സെപ്റ്റംബർ<br>ഒക്ടോബർ. | Parents Teachers. | | |
| | •നാണയങ്ങളും നോട്ടുകളും തിരിച്ചറിയുന്നു. കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ<br>•സ്ഥാനവില പോക്കറ്റ്<br>•അബാക്കസ് നിർമ്മാണം. | ഒക്ടോബർ | Parents teachers | SSK. | |
| ഗണിതാസ്വാദ്യകരമാക്കൽ | •ഇടവേളകളിൽ ഗണിതാലാപനങ്ങൾ.<br>(•ഒന്ന് രണ്ട് ചാരുമ്പോൾ.......<br>•അഞ്ചപ്പം ചുട്ട് അടച്ചുവച്ചു...<br>•ഒന്നാം മലകയറി..................)<br>•ഉല്ലാസഗണിതം സാമഗ്രികൾ ഉപയോഗിച്ച് ഗണിതപ്രശ്നം പരിഹരിക്കൽ. | ജൂൺ - ഫെബ്രുവരി | Parents Teachers. | SSK | |

# പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ[illegible] |
|---|---|---|---|---|
| • ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | • ശുചിത്വസർവ്വേ ക്ലാസുകൾ<br>• പോസ്റ്റർ രചനാ മത്സരങ്ങൾ. | ജൂലൈ | Teachers<br>SRG<br>SMC. | |
| പ്രകൃതിയെ അറിയൽ | പ്രകൃതി നടത്തം. | സെപ്റ്റംബർ<br>ഡിസംബർ | Teachers<br>SMC<br>SRG | SMC. |
| പോഷകാഹാരങ്ങൾ അറിയുന്നതിന് | • ഫുഡ് ഫെസ്റ്റിവൽ<br>• വിവിധതരം പഴങ്ങൾ എക്സിബിഷൻ<br>• അവയുടെ പ്രത്യേകതകൾ തിരിച്ചറിയൽ<br>• ഫ്രൂട്ട്സ് നിർമ്മാണം. (ഒന്നുപയോഗിച്ച്)<br>• ഫ്രൂട്ട്സ് സലാഡ് നിർമ്മാണം. | | | PTA. |
| പലതരം വീടുകൾ ഉപയോഗങ്ങൾ | • വീടുനിർമ്മാണം. എക്സിബിഷൻ.<br>• വീടുകൾ I.C.T പ്രദർശനം | ആഗസ്റ്റ് | SRG<br>SMC.<br>Teachers | |
| മഴപെയ്യുന്നത് നിരീക്ഷണം. | • പരീക്ഷണം (മഴ പെയ്യുന്നത്)<br>• നിരീക്ഷണം മഴക്കു മുൻപും ശേഷവും. | ജൂലൈ | SMC<br>SRG.<br>Teachers | PTA. |

# അക്കാദമിക മാസ്റ്റർ പ്ലാൻ
2025-2026.

Std: III
Govt. U.P.S
Ulloor

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | വിഭവ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| * അനുയോജ്യമായ ഭാവം, ഒഴുക്ക്, അർത്ഥം പ്രകടമാക്കുന്ന ഊന്നലുകൾ എന്നിവയോടെ വായിച്ചവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക. | പാഠപുസ്തകത്തിലെയും T.B യിലെയും പഠനാനുഭവങ്ങൾക്ക് പൂരകമായതും ഭാവാത്മകവായനക്കിണങ്ങുന്നതുമായ പുസ്തകങ്ങളോ പുസ്തകഭാഗങ്ങളോ School Libraryൽ നിന്നും മറ്റും വേർതിരിച്ച് ക്രമീകരിക്കൽ | മെയ് 2025 | S.R.G | |
| * പാഠപുസ്തകങ്ങൾക്ക് പുറമെ കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന വിവിധ വായനാ സാമഗ്രികൾ ലഭ്യമാക്കുക. അവ വായിച്ചവതരിപ്പിക്കുന്നതിനുള്ള ധാരാളം അവസരങ്ങൾ ഒരുക്കുക. * വായനയിൽ കുട്ടികൾ പുലർത്തുന്ന മികവ് പൊതു സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുക. | * കാഴ്ച പരിമിതിയുള്ള കുട്ടിക്ക് കൂടി സഹായകമായ ശ്രവണ പാഠം തയ്യാറാക്കൽ | മെയ് 2025 | S.R.G | |
| | * കുട്ടികൾക്കൊരു പുസ്തക സമ്മാനം. | June | PTA/sponsoring | പ്രവേശനോത്സവം |
| | * ഭാവാത്മകമായി വായിച്ചു തയ്യാറാക്കിയ ചില രചനകൾ തത്സമയം പ്രദർശിപ്പിക്കുന്നതിനുള്ള digital സാമഗ്രികൾ തയ്യാറാക്കൽ | June ആദ്യവാരം | class PTA | |
| | * കുട്ടികൾക്കിണങ്ങുന്ന പുസ്തകം/പുസ്തകഭാഗം ഭാവാത്മകമായി വായിച്ചു കേൾക്കാനവസരം | June | S.R.G | വായനാ പക്ഷാചരണം |
| | * കുട്ടികളുടെ വായനാ മത്സരം, പുസ്തകമേള നടത്തുന്നു. | June 19 | P.T.A, SMC, Old Students Union | |

| | | | | |
|---|---|---|---|---|
| | * കുട്ടികളുടെ readers theatre സംഘടിപ്പിക്കൽ | July | S.R.G, ഭാഷാ വിദഗ്ധർ. | |
| | * ഭാവാത്മക വായനാവതരണ സന്ദർഭങ്ങൾ | August/ September & November/ December | | Class P.T.A |
| | | January | | ക്ലാസ് പഠനോത്സവം |
| | * പൊതുസമൂഹം നിർദ്ദേശിക്കുന്ന പുസ്തകം നിർദ്ദേശിക്കുന്ന കുട്ടി ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്ന ഭാവാത്മക വായനോത്സവം | March 2026 | | സ്കൂൾ പഠനോത്സവം. |
| | | | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ സംവിധാനം | |
|---|---|---|---|---|
| * നിത്യജീവിതത്തിലെ വിവിധ അവസരങ്ങൾ കുട്ടികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. തരംതിരിക്കുന്നു. നിർമിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതീയ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന രൂപങ്ങൾ പാറ്റേണുകൾ നിർമിക്കുന്നു. നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു. യുക്തി സമർപ്പിക്കുന്നു. പാറ്റേണുകൾ വരയ്ക്കുന്നു. | * പ്രവേശനോത്സവം വിവിധ ഗണിതരൂപങ്ങൾ കൊണ്ടുള്ള തോരണ നിർമ്മാണം<br>* ഗണിതരൂപങ്ങൾ ഉപയോഗിച്ചു വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ<br>* ചിത്ര പാറ്റേൺ കാണ പരിചയപ്പെടുന്നു.<br>* ചിഹ്ന പാറ്റേൺ മാഗസിൻ നിർമ്മാണം<br>* തീപ്പെട്ടിക്കമ്പ് ഉപയോഗിച്ച് വിവിധ ഗണിതരൂപങ്ങൾ നിർമ്മിക്കുന്നു. | June | S.R.G | |
| * മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെ സംഖ്യകൾ പറയുക, വായിക്കുക എഴുതുക എന്നി ശേഷികൾ ഉറപ്പിക്കുക | * കളം നിറയ്ക്കാം 1 to 100 വരെയുള്ള കളം Board ഉപയോഗിച്ച് സംഖ്യകളെ സ്ഥാനക്രമത്തിൽ തിട്ടപ്പെടുത്തി ശരിസ്ഥാനത്ത് ക്രമീകരിക്കു | July | | |

| | | | |
|---|---|---|---|
| | * നറുക്കെടുക്കാം<br>• സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു.<br>* 10 ചിങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു.<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാനും അവസരം നൽകുന്നു.<br>* പാറ്റേൺ പൂർത്തിയാക്കാം<br>• വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കുന്നു<br>* ക്രമത്തിലാക്കാം<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>• ആരോഹണക്രമം അവരോഹണക്രമവും എഴുതുന്നു. | June<br>July<br>August<br>September | |

| | | | |
|---|---|---|---|
| * മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള കഴിവ് | * കൂട്ടങ്ങളാക്കാം<br>ഇഷ്ടമുള്ള ഒരു മൂന്നക്കസംഖ്യ എഴുതാം<br>– കളിനോട്ട് / grid ഉപയോഗിച്ച് 1, 10, 100, 1000, 2000 ന്റെ കൂട്ടങ്ങളാക്കാം<br>* സംഖ്യാ സൂര്യൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ Board ൽ എഴുതാം.<br>• group ആയി തിരിഞ്ഞ് എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു.<br>* ക്രമീകരിക്കാം.<br>Abacus നിർമ്മാണം<br>സംഖ്യകളെ Abacus ൽ ക്രമീകരിക്കാം | June<br>2 weeks<br>June - September. | |
| * മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. അവസരം ഒരുക്കൽ | * Class ൽ ഒരു കട<br>* കുട്ടികളുടെ book, pen, pencil, water എന്നിവ നൽകി അവ ചേർത്ത് കട ക്രമീകരിക്കുന്നു.<br>• കളിനോട്ട് ഉപയോഗിച്ച് കച്ചവടക്കളി ഒരുക്കുന്നു. | February | |

| | | | |
|---|---|---|---|
| | കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>* സാധനം വാങ്ങുകയും പണം (കുട്ടികളോട്) വാങ്ങുകയും ചെയ്യുന്നു.<br>* group ചർച്ച നടത്തുന്നു. പ്രയാസങ്ങൾ TR ന്റെ സഹായത്തോടെ പരിഹരിക്കുന്നു. | July | |
| | *സമയചക്രം.<br>Black & white ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു.<br>• സമയസൂചി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗിക്കുന്നു. | July | |
| * മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | * സംഖ്യാചക്രം.<br>• സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തിരഞ്ഞെടുക്കുന്നു. | July – March. | |

| | | | |
|---|---|---|---|
| | • അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം ഹരണം | July - March | |
| | * ഭാഗ്യവാനെ കണ്ടെത്താം<br>TR ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ കാർഡുകൾ കുട്ടികൾക്ക് നൽകുന്നു.<br>• ക്രിയ ചെയ്യാം<br>• ആരുടെ ഉത്തരം ആണ് board ൽ ഉള്ളത് എന്ന് കണ്ടെത്താം. | July - February. | S.R.G |
| | * ജോഡി കണ്ടെത്താം.<br>• വിവിധ ക്രിയകൾ അടങ്ങിയ പട്ടിക chart ൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ കാർഡ് എടുക്കുവാൻ അവസരം നൽകാം.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ chart ലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ബുക്കിൽ എഴുതുന്നു. | August - February. | |

# EVS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ. |
|---|---|---|---|
| * ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾ അനുസരിച്ച് സാദൃശ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുന്നു. | ഞാനും എന്റെ പരിസരവും<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ നിരീക്ഷിക്കൽ പ്രത്യേകതകൾ അനുസരിച്ച് തരംതിരിക്കൽ, വർഗീകരണം. സസ്യങ്ങളുടെ വളർച്ചാരീതികൾ മനസ്സിലാക്കൽ.<br>പൂന്തോട്ടം ഒരുക്കാം<br>* ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>* School പൂന്തോട്ട നവീകരണം.<br>* വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ. | June<br>January | |
| * പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കൽ. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക. | ▲ പ്രകൃതി നടത്തം<br>* ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>* പ്രത്യേകതകൾ മനസ്സിലാക്കാം.<br>* വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം. | June<br>October | |

| | | | |
|---|---|---|---|
| | • Field trip<br>• ജീവികളുടെ പരസ്പരാശ്രയത്വം (ചർച്ച)<br>• പരിസ്ഥിതി മലിനീകരണം | | |
| | പച്ചക്കറിത്തോട്ടം ഒരുക്കാം.<br>- സ്കൂൾ പച്ചക്കറിത്തോട്ടം പരിപാലിക്കൽ.<br>- വീട്ടിൽ പച്ചക്കറിത്തോട്ട നിർമ്മാണം. | June - March. | |
| | * ഒരു തൈ നടാം<br>പരിസ്ഥിതി ദിനത്തി<br>•നോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | June | |
| | * poster നിർമ്മാണം<br>• പ്രകൃതി സംരക്ഷണ poster നിർമ്മാണം.<br>• poster പരിസരങ്ങളിൽ പതിപ്പിക്കൽ | March - May. | |
| | ദാഹജലം<br>• ചൂടുകാലത്ത് വേനൽക്കാലത്ത് ജീവികൾക്ക് ദാഹജലം ഒരുക്കാം. | March - May | |

| | | | |
|---|---|---|---|
| * കുട്ടികളിൽ വ്യക്തി ശുചിത്വം പരിസര-ശുചിത്വം ഉണ്ടാക്കുക. | ⊛ ദിനകൃത്യങ്ങൾ.<br>* ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ School ൽ വരാവൂ. ചർച്ച.<br>* group ആയി പ്രവർത്തനം. | June - March. | |
| | ⊛ നമ്പർ വൺ<br>ക്ലാസ്‌തലത്തിൽ ശുചിത്വ മത്സരം.<br>വ്യക്തി ശുചിത്വം, Class റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി Mark നൽകുന്നു. | July - March. | |
| | ⊛ പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - Survey<br>• മലിനീകരണം മൂലം ഉണ്ടാ പ്രശ്നങ്ങൾ ക-ണ്ടെത്തുന്നു.<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | June - December. | |

| | | | |
|---|---|---|---|
| | ⊛ നല്ല ശീലം<br>• posters തയ്യാറാക്കാം<br>• പരിസരങ്ങളിൽ പതിക്കാം | July - March | |
| * ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക. | ⊛ Field trip<br>നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി field trip സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട് etc)<br><br>⊛ പരീക്ഷണങ്ങൾ<br>ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | January - March<br><br><br>December - February. | |

# ENGLISH

| Aim | Activities | Time | Helps. |
| --- | --- | --- | --- |
| To Speak, Read and write English without any mistake | Listening Skills.<br>1. Games, Action song, Hello English program activities<br>2. Conversations, Skit, Stories use ICT<br>Speaking Skills.<br>• Identifying naming words.<br>• Identifying action words from pictures<br>• Making simple sentence using action words<br>• Make Descriptions<br>[Speech, book review, self introduction, Assembly-Eng]<br>Reading Skills<br>• News paper reading Library books reading | June-February | S.R.G |

| | | | |
|---|---|---|---|
| | • Find New words<br>• rhyming words<br>• Describing words<br>• TB activities<br>• Conversation, skit, stories use ICT Materials<br>• Develop Story<br>• Read notice<br>writing Skills<br>• Make word web<br>• picture description with describing word<br>• word chain sentence chain<br>• make words & Sentence<br>• Make Add more lines<br>• Make riddles & conversations<br>• Descriptions<br>• Notice proclamation<br>• Thought | June – December<br><br>June – February | S-R-G |

# GOVT: UPS ULLOOR

## ACADEMIC MASTER PLAN

## 2025-2026

CLASS : IV

# മലയാളം - Class IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം നൽകൽ | ലക്ഷ്യം നേടുന്നതുവരെ | SRG കൺവീനർ ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ. പുസ്തകപരിചയം വായനാ കുറിപ്പ് | വർഷം മുഴുവൻ | HM SRG കൺവീനർ ക്ലാസ് ടീച്ചർ CPTA | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | പാചകകുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ PTA | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കൽ | സർഗ്ഗശേഷികളുടെ പ്രദർശനം (പഠനോത്സവം) | വർഷത്തിലൊരിക്കൽ | HM SRG CPTA ക്ലാസ് ടീച്ചർ | PTA |

# English - Class V

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ഇംഗ്ലീഷ് ഡയറി കുറിപ്പ് തയ്യാറാക്കുന്നു | വർഷം മുഴുവൻ | ടീച്ചർ | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരങ്ങളാക്കുന്നു. | മാസത്തിൽ ഒന്ന് | ടീച്ചർ | |
| സർഗാത്മകതാ രചനാശേഷി വികസനം | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM ക്ലാസ് ടീച്ചർ | |
| വായനാ പരിപോഷണം | വായനാമൂല ഒരുക്കൽ വായനാവേള ഒരുക്കൽ | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷിൽ ആശയവിനിമയ ശേഷി നേടൽ | ഒരു ദിവസം സ്കൂളിൽ ഇംഗ്ലീഷ് മാത്രം സംസാരിക്കാൻ നിർദ്ദേശം. | വർഷം മുഴുവൻ | Class Teachers. | |
| വ്യാകരണ തെറ്റില്ലാതെയും അക്ഷരത്തെറ്റില്ലാതെയും ഭാഷ ഉപയോഗിക്കുവാൻ ശേഷി നേടൽ | • Dictation<br>• പരിചിത വാക്യങ്ങൾ / സിംപിൾ ഇംഗ്ലീഷ് പ്രവർത്തനങ്ങളിലൂടെ പദസമ്പത്ത്, വ്യാകരണം ഇവ നേടൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ. | |

# പരിസരപഠനം Class IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| കേരളം - ഇന്ത്യ ഭൂപടവായന പരിചയപ്പെടൽ | ഭൂപട വായന, ഭൂപട രചന സൂചികാനിർമ്മാണം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പരീക്ഷണം - ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമാണം | വർഷത്തിൽ ഒന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| അനുഭവങ്ങളിലൂടെ പാഠ്യവസ്തുതകൾ മനസിലാക്കുന്നതിന് | ശാസ്ത്ര ലാബ്, പരീക്ഷണങ്ങൾ, നിരീക്ഷണത്തിനായുള്ള യാത്രകൾ<br>• ഫീൽഡ് ട്രിപ്പ് നടത്തുന്നു. | വർഷം മുഴുവൻ | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ് - സംഖ്യാബോധം, സങ്കലനം, വ്യവകലനം, ഗുണനം, സമഹരണം, കലണ്ടർ, ഭിന്നസംഖ്യ | ജൂൺ | ക്ലാസ് ടീച്ചർ | |
| ഗണിതത്തിൽ താൽപര്യം ജനിപ്പിക്കൽ | ഗണിതമൂല സജ്ജീകരിക്കൽ | ജൂൺ - ജൂലൈ. | ക്ലാസ് ടീച്ചർ. | |
| ഗണിതത്തിൽ ഓരോ കുട്ടിയുടെയും നേട്ടം ഉറപ്പു വരുത്തുന്നു. | ഗണിത മാഗസിനുകൾ ഗണിത മാതൃകകൾ, വ്യത്യസ്ത രൂപങ്ങൾ ഉപയോഗിച്ച് മാതൃകകൾ നിർമ്മിക്കുന്നു | വർഷത്തിലൊരിക്കൽ | ഗണിത ക്ലബ്. | |
| ഗണിതവിജയം ഉറപ്പാക്കുക | • ഗണിതടെസ്റ്റ് <br> • ശേഷികൾ നേടിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ ടെസ്റ്റ് നടത്തുന്നു. | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ. | |
| ഗണിതം മധുരമാക്കൽ | സ്കൂൾ ഭിത്തിയിൽ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ | ഒരു പ്രാവശ്യം. | | |

# UP ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും മനസ്സിലാക്കാനും സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear:- ഉച്ചാരവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | July. | ഇംഗ്ലീഷ് അധ്യാപകർ | |
| | Follow me If you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | June | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News:- ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | November | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can!!<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാകാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | July. | | |
| | Reader of the month.<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the monthനെ ആദരിക്കുന്നു. | മാസം തോറും | | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Alert zone സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്റൂമിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | | |

| | | | | |
|---|---|---|---|---|
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | ക്ലാസുകളിൽ സംഭാഷണം ഇംഗ്ലീഷ് ഭാഷയിൽ ആക്കുന്നു അതിലെ തെറ്റുകൾ ചൂണ്ടികാണിക്കുന്നതിനോടൊപ്പം നല്ല ഭാഷയിൽ വിനിമയം ചെയ്യാൻ അവസരം സൃഷ്ടിക്കുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |

# UP മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | ഭാഷാകേളി: ഭാഷയിലെ രസകരമായി ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്. അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദ വാക്യ നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | വാർത്താലോകത്തേക്ക്:- പത്രം, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യകൃതികളോടും സാഹിത്യകാരൻമാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | വാർത്താവായന :- ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. ക്ലാസ്- സ്കൂൾ ലൈബ്രറി പുസ്തകങ്ങളെ ആസ്പദമാക്കി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | പ്രതിമാസം<br>വർഷത്തിൽ 3 പ്രാവശ്യം. | പി.ടി.എ സ്കൂൾ<br>മലയാളം അധ്യാപകർ | |
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം. | " | |

# UP SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പരീക്ഷണക്കളരി. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്. | |
| | കണ്ടറിയാനൊരു യാത്ര. വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ കാവു സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | അക്കാദമിക വർഷം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു എല്ലാ കുട്ടികളുടെയും സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നു | | | |
| | യുറേക്ക- ശാസ്ത്ര മാഗസിൻ കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്. |
| | ശാസ്ത്ര വിസ്മയച്ചുമർ ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനവുമായി പ്രയോജനപ്പെടുത്തുക | വിസ്മയ യാത്ര. ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക. | അക്കാദമിക വർഷം | സയൻസ് ക്ലബ് ശാസ്ത്രാധ്യാപകർ | |

# U.P. ഗണിതം

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയ എന്നിവ പരിജ്ഞാനങ്ങളും ഉറപ്പു വരുത്തുക. | അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| 2. | രസകരമായ ഗണിത ശാസ്ത്ര പഠനവും മെച്ചപ്പെടുന്ന ശേഷികളുടെ വികാസവും | ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ ഗണിതരൂപങ്ങൾ നിർമ്മിക്കുക. ജ്യാമിതിപെട്ടിയിലെ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യമായി ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുക. | അക്കാദമിക വർഷം | ഗണിത അധ്യാപകർ | |
| 3. | ഗണിത പഠനം സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |

# U.P. ഗണിതം

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയ ചിഹ്ന പരിണാമങ്ങളും ഉറപ്പുവരുത്തുക. | അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| 2. | രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ ഗണിതരൂപങ്ങൾ നിർമ്മിക്കുക. ജ്യാമിതിപെട്ടിയിലെ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യമായി ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുക. | അക്കാദമിക വർഷം | ഗണിത അധ്യാപകർ | |
| 3. | ഗണിത പഠനം സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | ഗണിതം മധുരമാണ് | ജ്യാമിതീയ രൂപങ്ങൾ നിർമ്മിച്ചും ഗണിത കളികളിലൂടെയും ഗണിതം മധുരമാണെന്ന പ്രവർത്തനങ്ങൾ. | അക്കാദമിക വർഷം | ഗണിത ക്ലബ്. | |
| 5 | ICT സാധ്യതകൾ ഗണിത പഠനത്തിൽ പ്രയോജനപ്പെടുന്നു | പസിൽക്കളികൾ, ജ്യാമിതീയ രൂപങ്ങൾ, പാറ്റേണുകൾ ഇടങ്ങിയവ ICT സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 6 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ, സമർത്ഥരായ കുട്ടികൾ | |
| 7 | വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ നടക്കുന്ന ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ. | ആവശ്യാനുസരണം | ഗണിത ക്ലബ് | |

## U.P. Social Science

| Sl. no:- | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുക. നദികൾ, ഭൂപ്രകൃതി, ഭൂസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ മനസിലാക്കുക. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | പഠിതാക്കളുടെ ചരിത്ര അവബോധം ഉളവാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുക. | അക്കാദമിക വർഷം. | | |

| | | | | | |
|---|---|---|---|---|---|
| | പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ ബോധവാൻമാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നി പ്രകൃതി ദുരന്തങ്ങളുടെ തീവ്രത മനസിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാൻമാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും ലഹരിമരുന്നിന്റെയും പ്രവർത്തനങ്ങളെ കുറിച്ചും ബോധവാൻമാരാക്കുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ പോലീസിന്റെയും മറ്റ് പൊതുപ്രവർത്തകരുടെയും സഹായത്തോടെ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | സോഷ്യൽ സയൻസ് ക്ലബ് | |
| 6 | സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കൾക്ക് പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക. അതുവഴി സുസ്ഥിര വികസന കാഴ്ചപ്പാട് വർദ്ധിപ്പിക്കുക. | - ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക<br>- ചോദ്യോത്തര വേളകൾ, ക്വിസുകൾ എന്നിവ നടത്തുക<br>- പരിസ്ഥിതിയിൽ മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമാകുന്ന കാവുകൾ, കണ്ടൽക്കാടുകൾ, വയലുകൾ, ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുക. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, PTA, S.S Club. | |

അക്കാദമിക
മാസ്റ്റർ പ്ലാൻ
ഹിന്ദി

हिंदी अकादमिक
मास्टर प्लान
सरकारी यू. पी स्कूल
उल्लूर

2025 - 26

भूमिका : केरल राज्य शिक्षा के क्षेत्र में काफ़ी आगे है। इस कार्य में अध्यापकों की भागीदारी बहुत बड़ी है। हिन्दी भारत की राष्ट्रभाषा है। केरल के विद्यालयों में भी हिंदी भाषा को उतना ही महत्व देकर पढ़ाते है। उसकी श्रेष्ठता बनाये रखने का काम हम अध्यापकों पर निर्भर है। हर विद्यालय का अपना-अपना स्तर होता है। हमारे विद्यालय में जो साधन उपलब्ध है उसकी सहायता से हम बच्चों को पूरी शिक्षा का माहौल प्रदान करने की कोशिश में है। विद्यालय का माहौल और पाठ्य प्रक्रिया को मज़ेदार करके ही हम कैसे शैक्षिक प्रक्रिया को सफल बना सकेंगे। छात्रों की भागीदारी उसमें होनी चाहिए। कक्षा-कार्य के साथ छात्रों की कला-अभिरुचि को बढ़ावा देना भी ज़रूरी है।

# विद्यालय की खूबी

खूबी

1. पढ़ने का अच्छा माहौल
2. कंप्यूटर लैब
3. यात्रा सुविधा
4. स्मार्ट क्लास रूम
5. श्रेष्ठ अध्यापक गण।

| लक्ष्य | गतिविधियाँ | समय | सहायक | व्यय |
|---|---|---|---|---|
| 1. छात्रों को स्कूल वातावरण की ओर लाना | पेड़ पौधों का वितरण पोस्टर, प्रतिज्ञा | जून 5 | अध्यापक | |
| | वाचन कार्ड का वाचन पोस्टर, उद्घोषणा। | जून - 17 | | |
| 2. अपनी पसंद के अनुसार पढ़ाई प्रक्रियाओं में भाग लेने का अवसर देना। | लोक नशा-निषेध दिवस | जून - 26 | अध्यापक, छात्र | |
| | पोस्टर प्रतिज्ञा, नारे भाषण | जुलाई - 31 | | |
| 3. ज्ञानवर्धक किताबों का वाचन। | प्रेमचंद जयन्ती | | अध्यापक छात्र, | |
| [illegible] भिन्न [illegible] का [illegible] परिचय | पोस्टर, प्रतिज्ञा ड्राइंग. | | पि. टि. ए | |

| लक्ष्य | गतिविधियाँ | समय | सहायक | राय |
|---|---|---|---|---|
| विकास होने को आगे आने की प्रक्रिया देना। | पोस्टर, कविता रचना नाटक, चित्र रचना पत्र रचना, कविता | सितंबर 14 हिंदी दिवस | अध्यापक | |
| | पोस्टर, भाषण | अक्तूबर - 2 गांधिजयंती | अध्यापक पि.टि.ए | |
| गतिविधियों को सफल बनाकर देना। | पोस्टर केरल का अधिपत गीत, सुझाव | नवंबर - 1 | अध्यापक बि. आर. सी | |
| विशेष दिनों का आचरण करना। | बाल दिवस नेहरू टोपी निर्माण | नवंबर - 14 | अध्यापक पि. टि. ए | |
| डिजिटल माध्यमों उपयोग करना | गणतंत्र दिवस पोस्टर, भाषण क्रीडा। | जनवरी - 26 | अध्यापक पिटि-ए. जन प्रतिनिधि | |

## उपसंहार

उपर्युक्त गतिविधियों के आधार पर विद्यालय में स्तरानुकूल कार्यक्रम चलाएँगे। हरेक छात्र की भागीदारी का ख्याल रखेंगे। हिंदी भाषा का पोषण करने के लिए विद्यालय में हिन्दीकरण के अवसर का पूरा फायदा उठाएँगे। साथ ही पाठ्य प्रक्रिया का भी उचित प्रयोग करेंगे। इन प्रयोगों का एक ही लक्ष्य है हिन्दी भाषा का अर्जन।